# ആരോഗ്യ കേരളം

2022 ഫെബ്രുവരി

വാർത്താപത്രിക

follow us on /arogyakeralam



eSanjeevaniOPD
STAY HOME OPD

ഹോം ഐസൊലേഷനിൽ കഴിയുന്നവർക്ക്
ഇ സഞ്ജീവനി ടെലിമെഡിസിൻ സേവനം പ്രയോജനപ്പെടുത്താം...
ആശുപത്രി സന്ദർശനം പരമാവധി ഒഴിവാക്കാം...
സന്ദർശിക്കുക
esanjeevaniopd.in





ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ഫേസ്ബുക്ക് ലൈവിൽ ജനങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി നൽകുന്നു.

# ഗൃഹ പരിചരണത്തിനും ചികിത്സയ്ക്കും തുല്യ പ്രാധാന്യം: മന്ത്രി വീണാ ജോർജ്

**ഒമിക്രോൺ ജാഗ്രതയോടെ പ്രതിരോധം ക്യാമ്പയിൻ മന്ത്രി ഉദ്ഘാടനം നിർവഹിച്ചു**

തിരുവനന്തപുരം: ഗൃഹ പരിചരണത്തിനും ആശുപത്രിയിലെ ചികിത്സയ്ക്കും തുല്യ പ്രാധാന്യമാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഒമിക്രോൺ വകഭേദത്തിൽ രോഗം ഗുരുതരമാകാനുള്ള സാധ്യത കുറവാണ്. ഓരോ തരംഗത്തിലും വ്യത്യസ്തമായ പ്രതിരോധ തന്ത്രമാണ് സംസ്ഥാനം ആവിഷ്ക്കരിച്ചത്. മൂന്നാം തരംഗത്തിലും ഒന്നും രണ്ടും തരംഗത്തിൽ നിന്നും വ്യത്യസ്തമായ പ്രതിരോധ മാർഗങ്ങളാണ് സ്വീകരിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. 'ഒമിക്രോൺ ജാഗ്രതയോടെ പ്രതിരോധം' എന്ന പേരിൽ സംസ്ഥാന ആരോഗ്യ വകുപ്പ് സംഘടിപ്പിച്ച പ്രത്യേക ക്യാമ്പയിൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

മഹാഭൂരിപക്ഷത്തിനും പ്രത്യേക യഞ്ജത്തിലൂടെ വാക്സിൻ നൽകാനായി. അതേസമയം ഒമിക്രോണിനെ നിസാരമായി കാണരുത്. 97 ശതമാനത്തോളം രോഗികൾ വീടുകളിൽ ഗൃഹ പരിചരണത്തിലാണ്. വീട്ടിൽ വിദഗ്ധമായ പരിചരണം അത്യാവശ്യമാണ്. ആർക്കൊക്കെ ഗൃഹ പരിചരണം എടുക്കാൻ കഴിയും. ഇതു സംബന്ധിച്ച് കൃത്യമായ പരിശീലനം ആവശ്യമാണ്. ഇതിലെല്ലാം കൃത്യമായ അവബോധം നൽകാനാണ് ആരോഗ്യ വകുപ്പ് ഉദ്ദേശിക്കുന്നത്.

കൊവിഡ് വ്യാപന സമയത്ത് പ്രായമായവരും അനുബന്ധ രോഗമുള്ളവരും പ്രത്യേകം ശ്രദ്ധിക്കണം. അവർ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ് പരിശീലനം നൽകുന്നത്. പൊതുജനത്തിന് ഇതേറെ പ്രയോജനപ്പെടും. ആശുപത്രികളിൽ ഐസിയു, വെന്റിലേറ്റർ, ഓക്സിജൻ, മരുന്ന് ലഭ്യത എന്നിവ ഉറപ്പാക്കിയിട്ടുണ്ട്. ഈ പരിശീലനം ഏറ്റവും ഫലപ്രദമാകട്ടെയെന്ന് മന്ത്രി ആശംസിച്ചു.

> **മഹാഭൂരിപക്ഷത്തിനും പ്രത്യേക യഞ്ജത്തിലൂടെ വാക്സിൻ നൽകാനായി. അതേസമയം ഒമിക്രോണിനെ നിസാരമായി കാണരുത്.**
>
> വീണാ ജോർജ്
> ആരോഗ്യ വകുപ്പ് മന്ത്രി



കൊവിഡ് ബാധിതരുടെ ഗൃഹ പരിചരണം, വയോജന സംരക്ഷണവും പരിപാലനവും, കുട്ടികളുടെ പരിചരണം, സർക്കാർ കൊവിഡ് പ്രതിരോധത്തിനായി ഏർപ്പെടുത്തിയിരിക്കുന്ന വിവിധ കൊവിഡ് പ്രതിരോധ, ചികിത്സാ സംവിധാനങ്ങൾ എന്നിവ ചർച്ച ചെയ്തു.

ജീവിത ശൈലീ രോഗ നിയന്ത്രണ പരിപാടി സ്റ്റേറ്റ് നോഡൽ ഓഫീസർ ഡോ. ബിപിൻ ഗോപാൽ, കൊല്ലം മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി ഡോ. പി.എസ്. ഇന്ദു, തിരുവനന്തപുരം മെഡിക്കൽ കോളേജ് ഇൻഫെക്ഷ്യസ് ഡിസീസ് വിഭാഗം മേധാവി ഡോ. അരവിന്ദ്, പീഡിയാട്രിക്സ് വിഭാഗം അസോ. പ്രൊഫസർ ഡോ. ഷീജ സുഗുണൻ, കോഴിക്കോട് മെഡിക്കൽ കോളേജ് എമർജൻസി വിഭാഗം മേധാവി ഡോ. ചാന്ദിനി, സംസ്ഥാന എയിഡ്സ് കൺട്രോൾ സൊസൈറ്റി ഡയറക്ടർ ഡോ. രമേഷ്, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. റീന, ട്രെയിനിംഗ് സ്റ്റേറ്റ് നോഡൽ ഓഫീസർ ഡോ. ദിവ്യ എന്നിവർ സംസാരിച്ചു.

## 'അതിജീവിക്കാം ഒരുമിച്ച്' ക്യാമ്പയിനുമായി ആരോഗ്യവകുപ്പ്

തിരുവനന്തപുരം: സംസ്ഥാനത്ത് കൊവിഡ് തീവ്രവ്യാപനം രൂക്ഷമാകുന്ന സാഹചര്യത്തിൽ 'അതിജീവിക്കാം ഒരുമിച്ച്' ക്യാമ്പയിൻ സംഘടിപ്പിച്ച് ആരോഗ്യ വകുപ്പ്. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ഫേസ് ബുക്ക് ലൈവിൽ ജനങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി നൽകി. സംസ്ഥാനത്തെ കൊവിഡ് സാഹചര്യം, ജനങ്ങൾ പാലിക്കേണ്ട കാര്യങ്ങൾ, ഗൃഹ പരിചരണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയെല്ലാം ചർച്ച ചെയ്തു.

സംസ്ഥാനത്ത് 18 വയസിന് മുകളിലുള്ളവർക്ക് 100 ശതമാനം പേർ ആദ്യ ഡോസ് വാക്സിൻ എടുത്തിട്ടുണ്ട്. 84 ശതമാനം പേർക്ക് രണ്ടാം ഡോസ് നൽകി. കുട്ടികളുടെ വാക്സിനേഷൻ 68 ശതമാനമായി. ഭയവും ആശങ്കയും വേണ്ട നമ്മൾ കൊവിഡിനെ അതിജീവിക്കുമെന്നും മന്ത്രി വ്യക്തമാക്കി.



# കൊവിഡ് മൂന്നാം തരംഗത്തെ പിടിച്ചുകെട്ടാൻ 'മിന്നൽ വാക്സിൻ'

**ബിസിസി വിഭാഗം തയ്യാറാക്കിയ ആനിമേറ്റഡ് തീം സോങ്ങ് ശ്രദ്ധ നേടുന്നു**

*മിന്നൽ വാക്സിൻ ഇറങ്ങി*
*കൊവിഡ് മൊത്തം കറങ്ങി*
*നാട്ടിലാകെ കാവലാകും*
*മാസ്കും കൂടെയിറങ്ങി...*

കൊവിഡ് മൂന്നാം തരംഗത്തെ നേരിടാൻ പ്രതിരോധ വാക്സിനേഷന്റെയും മാസ്കിന്റെയും പ്രാധാന്യത്തെ ഒന്നുകൂടി ഓർമിപ്പിക്കുകയാണ് എൻഎച്ച്എം സംസ്ഥാന ബിസിസി വിഭാഗം തയ്യാറാക്കിയ മിന്നൽ വാക്സിൻ ആനിമേറ്റഡ് തീം സോങ്ങ്. കൊവിഡ് ബോധവൽകരണം കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിനായി ഏറെ ശ്രദ്ധ നേടിയ മിന്നൽ മുരളിയിലെ തീ മിന്നൽ പാട്ടിന്റെ ഈണത്തിലാണ് മിന്നൽ വാക്സിൻ തീം സോങ്ങ് തയ്യാറാക്കിയിരിക്കുന്നത്. പൊതുജനങ്ങൾക്കിടയിൽ നിന്ന് മികച്ച പ്രതികരണമാണ് പാട്ടിന് ലഭിച്ചു കൊണ്ടിരിക്കുന്നത്. വാക്സിനേഷനിലൂടെ കൊവിഡിന്റെ തീവ്രത കുറക്കാം എന്ന സന്ദേശമാണ് വീഡിയോയിലൂടെ പങ്കുവെക്കുന്നത്. ഇതിന് പുറമെ ചലചിത്ര താരം മഞ്ജു വാര്യർ, ഐശ്വര്യ ലക്ഷ്മി എന്നിവരെ ഭാഗമാക്കി ബോധവൽക്കരണ വീഡിയോയും തയ്യാറാക്കിയിട്ടുണ്ട്.



കൊവിഡ് - ഒമിക്രോൺ വകഭേദങ്ങളെ പ്രതിരോധിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങളാണ് സംസ്ഥാനത്തുടനീളം ബിസിസി വിഭാഗം നടത്തുന്നത്. 15 വയസിന് മുകളിലുള്ള കുട്ടികളുടെ വാക്സിനേഷൻ പ്രോത്സാഹിപ്പിക്കുക, അന്താരാഷ്ട്രതലത്തിൽ അംഗീകാരം ലഭിച്ച കൊവാക്സിൻ പ്രോത്സാഹിപ്പിക്കുക, ഹോം ഐസൊലേഷനിൽ കഴിയുന്നവർക്കും അവരെ പരിചരിക്കുന്നവർക്കുമുള്ള നിർദ്ദേശങ്ങളും നിബന്ധനകളും പ്രചരിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് നടത്തുന്നത്. ആളുകളിലേക്ക് കൂടുതലായി വിവരങ്ങൾ എത്തിക്കുന്നതിന് ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ, പൊതുയിടങ്ങൾ എന്നിവിടങ്ങളിൽ അനൗൺസ്മെന്റ് നടത്തിയും പോസ്റ്ററുകൾ, പത്രികകൾ വിതരണം ചെയ്തും ബോധവൽക്കരണം ഊർജിതമാക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## കൊവിഡ് :

# ജാഗ്രത തുടരാം

- **പ്രമേഹം, രക്താതിമർദ്ദം മുതലായ അനുബന്ധ രോഗങ്ങളുള്ളവർ പ്രത്യേക ജാഗ്രത പുലർത്തണം**
- **പ്രായമായവർക്കും ഗുരുതര രോഗമുള്ളവർക്കും ശ്വാസകോശ സംബന്ധമായ അസുഖമുള്ളവർക്കും കൊവിഡ് ബാധിച്ചാൽ ഗുരുതരമായേക്കാം**



ആരോഗ്യകേരളം

## നമുക്ക് സ്വയം പ്രതിരോധം സൃഷ്ടിക്കാം

കൊവിഡിനൊന്നിച്ചുള്ള യാത്ര ആരംഭിച്ച് നാം ഇപ്പോൾ മൂന്നാം തരംഗത്തിൽ എത്തിനിൽക്കുകയാണ്. കൊവിഡ് വ്യാപനം രൂക്ഷമാണെങ്കിലും ഗുരുതരമായി ആശുപത്രികളിൽ പ്രവേശിപ്പിക്കുന്നവരുടെ എണ്ണം കുറവാണ്. സംസ്ഥാനത്തെ മുഴുവൻ ജനങ്ങളും ഒന്നാം ഡോസ് വാക്സിൻ സ്വീകരിച്ചതും 83%ത്തോളം പേർ രണ്ടാം ഡോസ് വാക്സിൻ സ്വീകരിച്ചതിനാലുമാണ് ഈയൊരു തരംഗത്തിൽ നമുക്ക് പിടിച്ച് നിൽക്കാൻ സാധിച്ചത്. 15 വയസിന് മുകളിലുള്ള സ്കൂൾ കുട്ടികൾക്കുള്ള വാക്സിനേഷനും നടന്നുകൊണ്ടിരിക്കുന്നു.

കൊവിഡിൽ നിന്നും രക്ഷ നേടാൻ സ്വയം പ്രതിരോധം സൃഷ്ടിക്കുക എന്നതാണ് നമുക്ക് ചെയ്യാൻ പറ്റുന്ന ഏറ്റവും വലിയ കാര്യം. ഇനിയും വാക്സിനെടുക്കാത്ത മുഴുവൻ ആളുകളും ഉടൻ തന്നെ വാക്സിൻ സ്വീകരിക്കുക. വാക്സിനെടുത്തവരിൽ കൊവിഡ് ഗുരുതരമാകാനുള്ള സാധ്യത കുറവാണ്. വാക്സിനേഷൻ പോലെ തന്നെ പ്രധാനമാണ് എസ് എം എസ് പാലിക്കുന്നതും. ഡബ്ബിൾ മാസ്ക് അല്ലെങ്കിൽ എൻ 95 മാസ്ക് നിർബന്ധമായും ഉപയോഗിക്കുക. അനാവശ്യമായിട്ടുള്ള യാത്രകൾ ഒഴിവാക്കുക. പൊതുയിടങ്ങളിലും പൊതുഗതാഗത സംവിധാനങ്ങളിലും ഉൾപ്പെടെ സാമൂഹിക അകലം പാലിക്കുക, കൈകൾ ഇടക്കിടെ സാനിറ്റൈസ് ചെയ്യുക. ഇതോടൊപ്പം വീടുകളിലും ഓഫീസുകളിലും വാഹനങ്ങളിലും ജോലിസ്ഥലങ്ങളിലും നല്ല രീതിയിലുള്ള വായുസഞ്ചാരം ഉറപ്പുവരുത്തുക എന്നതും പ്രധാനമാണ്. ചെറിയ രോഗലക്ഷണങ്ങൾ (ജലദോഷം, ചുമ) ഉള്ളവർ പുറത്തിറങ്ങാതെ സ്വയം നിരീക്ഷണത്തിൽ തുടരുക. നിരീക്ഷണ കാലയളവിൽ ഇ സഞ്ജീവനി വഴി ഡോക്ടറുടെ സേവനം ഉപയോഗിക്കുക. കൂട്ടായ പ്രവർത്തനങ്ങളിലൂടെ നമുക്ക് ഒത്തൊരുമിച്ച് മൂന്നാം തരംഗത്തെയും നേരിടാം.

### നവജാതശിശു പരിചരണരംഗത്ത് പ്രധാന കാൽവെപ്പുമായി കോഴിക്കോട്

# സംസ്ഥാനത്ത് ആദ്യമായി നിയോ ക്രാഡിൽ പ്രവർത്തനം തുടങ്ങി



കോഴിക്കോട്: നവജാതശിശു പരിചരണരംഗത്ത് പ്രധാന കാൽവെപ്പുമായി കോഴിക്കോട് ജില്ല. സംസ്ഥാനത്ത് ആദ്യമായി നവജാതശിശുക്കൾക്ക് മികച്ച ചികിത്സ ഉറപ്പാക്കുന്നതിനുള്ള നിയോക്രാഡിൽ ജില്ലയിൽ പ്രവർത്തനം ആരംഭിച്ചു. ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ്ജ് പദ്ധതി ഉദ്ഘാടനം ചെയ്തു. നവജാതശിശുക്കൾക്ക് ഉണ്ടാകുന്ന സങ്കീർണങ്ങളായ ശരീരോഷ്മാവ് കുറയുന്ന അവസ്ഥ, രക്തത്തിലെ ഗ്ലൂക്കോസ് കുറയുന്ന അവസ്ഥ, ഓക്സിജൻ കുറയുന്ന അവസ്ഥ എന്നിവയെ കൃത്യ സമയത്ത് ഇടപെട്ട് വിദഗ്ധ ചികിത്സ നൽകുന്നതാണ് നിയോ ക്രാഡിൽ പദ്ധതി.

സങ്കീർണതകളുള്ള കുഞ്ഞുങ്ങൾക്ക് വിദഗ്ധ ചികിത്സ നൽകുന്നതിനായി മറ്റ് ആശുപത്രികളിലേക്ക് മാറ്റേണ്ട സാഹചര്യം വരുമ്പോൾ കുഞ്ഞുങ്ങളെ കൊണ്ടുപോവുന്നതിനായി നിയോ ക്രാഡിൽ പദ്ധതിയിൽ അത്യാധുനിക സംവിധാനങ്ങളുള്ള ആംബുലൻസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രസവം നടക്കുന്ന ആശുപത്രികളിലെ സംവിധാനങ്ങൾ ബന്ധിപ്പിക്കൽ, നാഷണൽ ഇൻഫോമാറ്റിക്ക് സെന്റർ തയ്യാറാക്കിയ വെബ്സൈറ്റ്, ടെർഷ്യറി സെന്ററുകളിൽ എം.എൻ.സി.യു, മുലപ്പാൽ ബാങ്ക്, ഐ.ടി പ്ലാറ്റ് ഫോം, ഗർഭിണികൾ, നവജാതശിശുക്കൾ, കുട്ടികൾ എന്നിവർക്കായി ആരോഗ്യ സന്ദേശങ്ങൾ, വിദഗ്ധരുടെ ലേഖനങ്ങൾ, സ്റ്റാഫുകൾക്ക് സർട്ടിഫൈഡ് പരിശീലനങ്ങൾ എന്നിവയാണ് നിയോ ക്രാഡിൽ പദ്ധതിയുടെ മറ്റ് പ്രധാന ഘടകങ്ങൾ.

ഓരോ ആശുപത്രികളേയും സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ മൂന്ന് ലെവലുകളായി തിരിച്ചാണ് നിയോക്രാഡിലിന്റെ പ്രവർത്തനം ഏകോപിപ്പിക്കുന്നത്. അടിയന്തര ചികിത്സയും റഫറലും ആവശ്യമായ കുട്ടികളെ മറ്റ് ആശുപത്രികളിലേക്ക് മാറ്റുന്നതിന് മുമ്പ് തന്നെ വിവരങ്ങൾ ഈ വെബ്സൈറ്റ് വഴി കൈമാറാനും ആവശ്യമെങ്കിൽ വീഡിയോ കോൾ മുഖേന കുട്ടിയുടെ ചികിത്സയെക്കുറിച്ച് ചർച്ച ചെയ്യാനും കഴിയും. ആശുപത്രികളിലേക്കുള്ള യാത്രക്കിടയിൽ ആംബുലൻസിലെ മെഡിക്കൽ സംവിധാനങ്ങൾ നിരീക്ഷിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകാനും റഫർ ചെയ്യുന്ന ആശുപത്രിയിൽ കുഞ്ഞിന് അനുസ്യൂതമായി എല്ലാ സംവിധാനങ്ങളും തയ്യാറാക്കാനും സാധിക്കും. ഒരു കുഞ്ഞിനെ തടസ്സമില്ലാത്ത സേവനങ്ങൾ നൽകി സുരക്ഷിതമായി തന്നെ ആശുപത്രിയിൽ എത്തിക്കാനുള്ള സൗകര്യമൊരുക്കുകയാണ് നിയോക്രാഡിൽ പദ്ധതി.

ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ്, നാഷണൽ നിയോനാറ്റൽ ഫോറം എിവയുടെ സഹകരണത്തോടെ ജില്ലാഭരണകൂടവും ജില്ലാ ആരോഗ്യ വകുപ്പും ദേശീയ ആരോഗ്യ ദൗത്യവും സംയുക്തമായാണ് നിയോ ക്രാഡിൽ പദ്ധതി നടപ്പിലാക്കിയത്.

പദ്ധതി പ്രവർത്തനം ആരംഭിച്ചതോടെ ജില്ലയിലെ സർക്കാർ ആശുപത്രികൾ വികസനത്തിന്റെ പാതയിലാണ്. ഇതുവരെ സർക്കാർ-സൗകാര്യ ആശുപത്രിയിലെ 25 ആശുപത്രികളാണ് നിയോക്രാഡിൽ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.



## കൊവിഡ് കാലത്ത് കുട്ടികളിൽ മാനസിക വെല്ലുവിളികളുയർന്നതായി പഠനം

തിരുവനന്തപുരം: കൊവിഡ് കാലത്ത് കുട്ടികളിൽ മാനസിക വെല്ലുവിളികളുയർന്നതായി പഠനം. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പ്രവർത്തിക്കുന്ന അനുയാത്ര മൊബൈൽ ഇന്റർവെൻഷൻ (എം.ഐ.യു) ടീം നടത്തിയ പഠനത്തിലാണ് പുതിയ കണ്ടെത്തൽ.

കൊവിഡ് കാരണം കുട്ടികൾ വീടുകളിൽ ഒതുങ്ങേണ്ടി വന്നപ്പോൾ അമിതമായി ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിക്കാനിടയായതാണ് മാനസിക പ്രശ്നങ്ങൾ ഉണ്ടാകാൻ കാരണമായത്. ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ ഭാഗമായി കുട്ടികൾ മൊബൈലും ടാബ്ലെറ്റും ടെലിവിഷനും ഉപയോഗിക്കാൻ തുടങ്ങിയതോടെ അത് അവരുടെ ദൈനംദിന ജീവിതത്തിലും വലിയ മാറ്റം വരുത്തി. പഠനത്തിന് പുറമേ വിനോദത്തിനുമായി കുട്ടികൾ കൂടുതലായി ഉപകരണങ്ങൾ ഉപയോഗിക്കാൻ തുടങ്ങി. ഇത് കുട്ടികളുടെ ശാരീരികവും മാനസികവും ബൗദ്ധികവുമായ വളർച്ചയെ സാരമായി ബാധിച്ചിട്ടുണ്ടെന്നാണ് കണ്ടെത്തൽ.

അമിതമായി ടെലിവിഷൻ, മൊബൈൽ ഉപയോഗിക്കുന്ന കുട്ടികൾ അവർ സ്ഥിരമായി കാണുന്ന ദൃശ്യത്തിലെ കഥാപാത്രങ്ങളായി മാറുകയും അതുപോലെ അനുകരിക്കുകയും ചെയ്യുന്നു. ദൈനംദിന ജീവിതത്തിലും ഇത്തരം കഥാപാത്രങ്ങളായി മാറുന്ന കുട്ടികളാണ് ധാരാളമായി അനുയാത്ര ക്ലിനിക്കിലേക്ക് എത്തുന്നത്. ഇത്തരം കുട്ടികളെ പ്രത്യേക തെറാപ്പികളിലൂടെയും, പരിചരണത്തിലൂടെയും, പരിശീലനത്തിലൂടെയും സാധാരണ ജീവിതത്തിലേയ്ക്ക് മടക്കി കൊണ്ടുവരുവാൻ ടീമിന് കഴിയുന്നുണ്ട്.

വിവിധ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഏകദേശം 65% കുട്ടികളിലാണ് ഇത്തരം പ്രവണതകൾ കണ്ടു വരുന്നത്. അനുയാത്ര പദ്ധതിയിലൂടെ ഭിന്നശേഷിക്കാരായ കുട്ടികൾക്കുപരി സ്വഭാവ വൈകൃതങ്ങൾ പ്രകടിപ്പിക്കുന്ന കുട്ടികൾക്കും ചികിത്സ നൽകി വരുന്നു.

### ലക്ഷണങ്ങൾ

കാർട്ടൂൺ കഥാപാത്രങ്ങളുടെ സംസാരം, ഭാഷ, സ്വഭാവം, ചേഷ്ടകൾ, നടത്തം എന്നിവ അനുകരിക്കുന്നതാണ് പ്രധാന ലക്ഷണം. ഇത് മാതാപിതാക്കൾക്ക് വളരെ എളുപ്പത്തിൽ കണ്ടുപിടിക്കാവുന്നതാണ്. കൂടാതെ മറ്റുള്ളവരുമായി ആശയവിനിമയം നടത്തുന്നതിനുള്ള വിമുഖത, ഹൈപ്പർ ആക്റ്റിവിറ്റി, പഠന വൈകല്യം, അമിതമായ ഉത്കണ്ഠ, ദേഷ്യം, പിടിവാശി, ഓട്ടിസത്തിന്റെ ലക്ഷണങ്ങൾ, അമിതവണ്ണം എന്നീ ലക്ഷണങ്ങളും പ്രകടമാകുന്നു.

### ചികിത്സ

കുട്ടികളുടെ ആവശ്യകത അനുസരിച്ചു ഡെവലപ്മെന്റ് തെറാപ്പി, സ്പെഷ്യൽ എഡ്യൂക്കേഷൻ ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി, എന്നിവയുടെ സഹായവും കുട്ടികൾക്കും മാതാപിതാക്കൾക്കുമുള്ള കൗൺസിലിംഗുമാണ് പ്രധാനമായുള്ള ചികിത്സകൾ.

### മുൻകരുതലുകൾ

ടെലിവിഷൻ, മൊബൈൽ ഫോൺ തുടങ്ങിയ ഉപകരണങ്ങളുടെ ഉപയോഗം കുറയ്ക്കുക. സർഗ്ഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുക. ഇലക്ട്രോണിക് ഉപകരണങ്ങൾ കുട്ടികൾ ഉപയോഗിക്കുമ്പോൾ മാതാപിതാക്കൾ ശ്രദ്ധിക്കുക.






# നവജാത ശിശുക്കൾക്ക് മികച്ച നേത്ര ചികിത്സയുമായി വനിതാ ശിശു ആശുപത്രി



പാലക്കാട് വനിതാ-ശിശു ആശുപത്രിയിൽ നവജാത ശിശുവിനെ പരിശോധിക്കുന്നു.

പാലക്കാട്: നവജാത ശിശുക്കളുടെ കാഴ്ച വൈകല്യം പരിഹരിക്കുന്നതിനുള്ള ലേസർ ചികിത്സ പാലക്കാട് വനിതാ-ശിശു ആശുപത്രിയിൽ ആരംഭിച്ചു. മാസം തികയാതെ പ്രസവിക്കുന്ന നവജാതശിശുക്കളിൽ കാണപ്പെടുന്ന ആർ.ഒ.പി (റെറ്റിനോപതി ഓഫ് പ്രി മെച്യുരിറ്റി) ക്കുള്ള ആധുനിക ചികിത്സയാണ് ആരംഭിച്ചത്. ഇതുവരെ ഇവിടെ ആർ.ഒ.പി രോഗനിർണയ പരിശോധന മാത്രമാണ് ഉണ്ടായിരുന്നത്. ഇതിനോടകം 1010 കുഞ്ഞുങ്ങൾക്ക് രോഗ നിർണയ പരിശോധന നടത്തി. രോഗം സ്ഥിരീകരിച്ച നവജാത ശിശുവിന് അടുത്തിടെ ലേസർ ചികിത്സയും നടത്തി.

മാസം തികയാതെ പ്രസവിക്കുന്ന നവജാതശിശുക്കളിൽ കാണപ്പെടുന്ന ഒരു നേത്രരോഗമാണ് ആർ ഒ പി. നവജാതശിശുക്കളിലെ റെറ്റിനയിലെ (നേത്രപടലം) രക്തക്കുഴലുകളെയാണ് രോഗം ബാധിക്കുന്നത്. ജനിച്ച് നാലാഴ്ചക്കകം രോഗനിർണയ പരിശോധന നടത്തി ചികിത്സിച്ചാൽ അന്ധത ഒഴിവാക്കാനാകും. ആർ.ഒ.പി. ചികിത്സയുടെ ഭാഗമായി കുഞ്ഞിന്റെ കണ്ണിന്റെ ഫോട്ടോ എടുക്കുന്നതിനുള്ള റെറ്റ് ക്യാമറയും ദേശീയ ആരോഗ്യ ദൗത്യം വഴി സജ്ജീകരിച്ചിട്ടുണ്ട്.

ദേശീയ ആരോഗ്യ ദൗത്യത്തിന്റെ നേതൃത്വത്തിൽ 2015 മെയ് മാസത്തിലാണ് വനിതാ-ശിശു ആശുപത്രിയിൽ ആർ.ഒ.പി രോഗനിർണയ പരിശോധന ആരംഭിച്ചത്. പാലക്കാട് വനിതാ ശിശു ആശുപത്രിയിൽ ജില്ലാ ആശുപത്രിയിലെ നേത്രരോഗ വിദഗ്ധ ഡോ. ഗീതയുടെ നേതൃത്വത്തിൽ ശിശുരോഗ വിദഗ്ധൻ മാരുടെയും നേത്രരോഗ വിദഗ്ധൻ മാരുടെയും സംഘമാണ് ലേസർ ചികിത്സ നടത്തുന്നത്. 32 ആഴ്ചക്കുള്ളിലോ അതിനു മുമ്പോ ജനിച്ച കുഞ്ഞുങ്ങൾക്കും ജനന സമയത്ത് 1.5 കിലോഗ്രാമോ അതിൽ താഴെയോ തൂക്കമുള്ള കുഞ്ഞുങ്ങൾക്കുമാണ് ശിശുരോഗ വിദഗ്ധന്റെ നിർദ്ദേശപ്രകാരം ആർ.ഒ.പി നേത്ര പരിശോധന നടത്തുന്നത്. എല്ലാ വ്യാഴാഴ്ചയും രാവിലെ 8.30 മുതൽ 12.30 വരെയാണ് പരിശോധന.

നവജാതശിശുക്കളിൽ ആർ.ഒ.പി വന്നവർക്കും വരാത്ത കുഞ്ഞുങ്ങൾക്കും ഭാവിയിൽ വന്നേക്കാവുന്ന മറ്റ് കാഴ്ച പ്രശ്നങ്ങൾ കണ്ടുപിടിക്കുന്നതിനായും ആറുമാ

> ഇതിനോടകം 1010 കുഞ്ഞുങ്ങൾക്ക് രോഗ നിർണയ പരിശോധന നടത്തി

സത്തിലൊരിക്കൽ പരിശോധന നടത്തേണ്ടതുണ്ട്. വനിതാ-ശിശു ആശുപത്രിയിൽ ശനിയാഴ്ച നടത്തുന്ന സി.വി.ഐ (സെറിബ്രൽ വിഷ്വൽ ഇമ്പയർമെന്റ്) ക്ലിനിക്കിൽ ഇതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

# വയോജനസൗഹൃദ ഇലക്ട്രിക് ഓട്ടോയും പാർക്കും; 'നൂൽപ്പുഴ' സ്വകാര്യ ആശുപത്രികളെ വെല്ലും




കൽപ്പറ്റ: ആദിവാസി മേഖലയാണ്, ചുറ്റുപാടും വനവും വന്യജീവികളും. അടിസ്ഥാന സൗകര്യങ്ങൾ പരിമിതമെങ്കിലും, നൂൽപ്പുഴയെന്ന കൊച്ചുഗ്രാമത്തിലെ ആദിവാസി വിഭാഗങ്ങൾക്ക് ലഭിക്കുന്നത് സ്വകാര്യ മേഖലയെ വെല്ലുന്ന ചികിത്സ. ഇവിടെ നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രമാണ് താരം. വയോജനസൗഹൃദ ഇലക്ട്രിക് ഓട്ടോറിക്ഷയും ആശുപത്രിയിലെത്തുന്ന രോഗികളുടെ കൂടെ വരുന്ന കുട്ടികൾക്ക് കളിക്കാനായി പാർക്കും നൂൽപ്പുഴ സർക്കാർ ആശുപത്രിക്ക് മിഴിവേകുകയാണ്. സംസ്ഥാനത്ത് ആദ്യമായി പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ഇ-ഹെൽത്ത് സംവിധാനം നടപ്പാക്കിയ ആതുരാലയമാണ് നൂൽപ്പുഴ. ഗ്രാമപഞ്ചായത്ത് പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി വാങ്ങിയ രണ്ട് ലക്ഷം രൂപയുടെ ഇലക്ട്രിക് ഓട്ടോറിക്ഷ 2018ലാണ് സർവീസ് ആരംഭിച്ചത്. നൂൽപ്പുഴ ആശുപത്രിയിലെത്തുന്ന വയോജനങ്ങളെയും ഭിന്നശേഷിക്കാരെയും ചികിത്സയ്ക്കു ശേഷം അടുത്ത ബസ് സ്റ്റോപ്പ് വരെ ഈ ഓട്ടോറിക്ഷയിൽ സൗജന്യമായി എത്തിച്ചുകൊടുക്കും. ആശുപത്രിയുടെ അഞ്ചു കിലോമീറ്റർ പരിധിയിൽ ഇതിന്റെ സേവനം ലഭ്യമാണ്. എൽ.ഇ.ഡി ലിഥിയം ബാറ്ററി ഉപയോഗിച്ചാണ് ഓട്ടോറിക്ഷ പ്രവർത്തിക്കുന്നത്. രണ്ട് മണിക്കൂർ ചാർജ് ചെയ്താൽ 85 കിലോമീറ്റർ സർവീസ് നടത്താൻ കഴിയും. വൈദ്യുതിയിൽ ഓടുമെന്നതിനാൽ പരിസ്ഥിതി സൗഹൃദവുമാണ് ഓട്ടോറിക്ഷ. ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളുമായി സഹകരിക്കുന്ന സന്നദ്ധ-യുവജന സംഘടനകളുടെ സഹായവും ഓട്ടോറിക്ഷാ സർവീസിനുണ്ട്.


പണം മുടക്കി വിനോദകേന്ദ്രങ്ങളിൽ പോകാൻ കഴിയാത്ത ആദിവാസി കുട്ടികളെ ഉദ്ദേശിച്ചാണ് ആശുപത്രി വളപ്പിൽ 'ഹൈടെക്' പാർക്ക് ഒരുക്കിയത്. നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ആശുപത്രി വളപ്പിൽ പ്രത്യേകം തയ്യാറാക്കിയ ഇടങ്ങളിലാണ് 4.13 ലക്ഷം രൂപയുടെ വിനോദോപാധികൾ സ്ഥാപിച്ചിട്ടുള്ളത്. അഞ്ച് ലക്ഷം രൂപ

> രാജ്യത്തെ മികച്ച ആതുരാലയം എന്ന പദവി സ്വന്തമാക്കിയ ആശുപത്രിയാണ് നൂൽപ്പുഴ കുടുംബാരോഗ്യകേന്ദ്രം

പാർക്ക് നിർമാണത്തിനായി ഗ്രാമപഞ്ചായത്ത് ചെലവിട്ടു. ഒരേസമയം ഏഴു കുട്ടികളെ ഉൾക്കൊള്ളുന്ന 2.24 ലക്ഷം രൂപയുടെ മൾട്ടി ആക്ടിവിറ്റി പ്ലേ സിസ്റ്റമാണ് പ്രധാന ആകർഷണം. ഒന്നര മീറ്റർ നീളമുള്ള വേവ് സ്ലൈഡ്, മെറി ഗോ റൗണ്ട് ആനിമൽ, സീസോ, സ്പ്രിങ് റൈഡൽ ഡക്ക്, വിക്ടോറിയ ബെഞ്ച്, ബ്രിഞ്ചാൽ ബിൻ, ട്രങ്ക് ബിൻ, ഒരേസമയം മൂന്നുപേർക്ക് ഇരിക്കാവുന്ന ഡീലക്സ് ഊഞ്ഞാൽ എന്നിവയാണ് പാർക്കിലെ മറ്റ് ആകർഷണങ്ങൾ.

കർണാടക, തമിഴ്നാട്, കേരള അതിർത്തിയിലുള്ള പഞ്ചായത്താണ് നൂൽപ്പുഴ. വനമേഖലകളാണ് മിക്ക അതിർത്തികളും. ജനസംഖ്യയിൽ ഭൂരിഭാഗവും ആദിവാസികളാണ്. രാജ്യത്തെ മികച്ച ആതുരാലയം എന്ന പദവി സ്വന്തമാക്കിയ ആശുപത്രിയാണ് നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രം. ഗുണനിലവാരമുള്ള ആതുരാലയങ്ങൾ കണ്ടെത്താൻ നടത്തുന്ന നാഷണൽ ക്വാളിറ്റി അഷ്വറൻസ് സർട്ടിഫിക്കേഷനിൽ ഉയർന്ന മാർക്ക് നേടിയാണ് നൂൽപ്പുഴ 2018ൽ രാജ്യത്തിന്റെ നെറുകയിലെത്തിയത്.





# ഡയാലിസിസ് യൂണിറ്റിലെ പൊതു-സ്വകാര്യ മാതൃക

കോട്ടയം: സർക്കാർ സംവിധാനങ്ങൾക്കൊപ്പം സ്വകാര്യപങ്കാളിത്തത്തോടെ മികച്ച ചികിത്സ നൽകുകയാണ് ഈരാറ്റുപേട്ട കുടുംബാരോഗ്യകേന്ദ്രത്തിലെ ഡയാലിസിസ് യൂണിറ്റ്. ജില്ലയിലെ വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ സഹകരണത്തോടെയാണ് ഇവിടെ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നത്. ആന്റോ ആന്റണി എം.പി മുൻകൈയ്യെടുത്താണ് ഇവിടെ ഡയാലിസിസ് ഉപകരണങ്ങൾ ലഭ്യമാക്കിയത്. ജില്ലാ വ്യാപാരി വ്യവസായി ഏകോപന സമിതി മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തി. ഡയാലിസിസ് മേഖലയിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ നടപ്പാക്കിയ സംസ്ഥാനത്തെ തന്നെ ആദ്യ പദ്ധതി കൂടിയാണ് ഈരാറ്റുപേട്ടയിലേത്. ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിലെയും പരിസരപ്രദേശങ്ങളിലുമുള്ളവർക്കും ഏറെ ആശ്വാസകരമാണ് ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം.

> ഡയാലിസിസ് മേഖലയിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ നടപ്പാക്കിയ സംസ്ഥാനത്തെ തന്നെ ആദ്യ പദ്ധതി കൂടിയാണ് ഈരാറ്റുപേട്ടയിലേത്

കൊച്ചിൻ ഷിപ്പ്യാർഡിന്റെ സി.എസ്.ആർ ഫണ്ട് ഉപയോഗിച്ച് നാല് കിടക്കകളുള്ള ഡയാലിസിസ് യൂണിറ്റാണ് ഈരാറ്റുപേട്ട കുടുംബാരോഗ്യകേന്ദ്രത്തിൽ പദ്ധതിയിട്ടത്. ആന്റോ ആന്റണി എംപി നാല് ഡയാലിസിസ് ഉപകരണങ്ങൾ നൽകി. എന്നാൽ അടിസ്ഥാനസൗകര്യ ദൗർലഭ്യം, നടത്തിപ്പ്, ചെലവുകളുടെ ഉടമസ്ഥാവകാശം തുടങ്ങിയ പ്രശ്നങ്ങൾ കാരണം പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിപ്പിക്കാനുളള ചെലവ് ഏറ്റെടുത്ത് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി(കെ.വി.വി.ഇ.എസ്) ഈരാറ്റുപേട്ട യൂണിറ്റ് സ്വയം സന്നദ്ധരായി മുന്നോട്ട് വന്നതോടെ ഡയാലിസിസ് യൂണിറ്റ് യാഥാർത്ഥ്യമായി.

ദിവസം രണ്ടു ഷിഫ്റ്റായി ആഴ്ചയിൽ ആറു ദിവസവും ഇവിടെ ഡയാലിസിസ് നടത്തുന്നുണ്ട്. അവശ്യസാധനങ്ങൾ ഉൾപ്പെടെ എല്ലാ പ്രവർത്തന ചെലവുകളും വ്യാപാരി വ്യവസായി ഏകോപന സമിതിയാണു വഹിക്കുന്നത്. എഫ്.എച്ച്.സിയിലെ 600 ചതുരശ്ര അടി വിസ്തീർണമുള്ള ഒരു വാർഡാണ് ഡയാലിസിസ് യൂണിറ്റാക്കി മാറ്റിയത്. ദേശീയ ആരോഗ്യ ദൗത്യം അനുവദിച്ച ഫണ്ട് ഉപയോഗിച്ചാണ് വാർഡ് ആർ.ഒ. പ്ലാന്റ് ആക്കി നവീകരിച്ചത്. പ്ലാന്റ് പ്രവർത്തിപ്പിക്കാൻ ദിവസവേതനാടിസ്ഥാനത്തിൽ രണ്ട് ഡയാലിസിസ് ടെക്നീഷ്യന്മാരെ കെ.വി.വി.ഇ.സ്. നിയമിച്ചു. ഒരു ട്രെയ്നി ഇവരുടെ സഹായത്തിനുണ്ട്. എല്ലാ ജീവനക്കാർക്കും കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിലും കോട്ടയം ജനറൽ ആശുപത്രിയിലും ഡയാലിസിസ് സംബന്ധിച്ച് പരിശീലനം നൽകി. ഇതിനു പുറമേ സി.എസ്.ആർ ഫണ്ട് ഉപയോഗിച്ച് ലഭ്യമാക്കിയ ഉപകരണങ്ങളുടെ പരിപാലനത്തിനും അറ്റകുറ്റപ്പണിക്കും ദേശീയ ആരോഗ്യദൗത്യം ബയോമെഡിക്കൽ എഞ്ചിനീയറിങ് വിഭാഗത്തിന്റെ പിന്തുണയും സഹായവും ലഭ്യമാക്കുന്നുണ്ട്.

# മാതൃകയാവാൻ കുമാരമംഗലം കുടുംബാരോഗ്യകേന്ദ്രം





ഇടുക്കി: ചികിത്സാരംഗത്തും ആരോഗ്യ പരിപാലന രംഗത്തും മികച്ച പ്രവർത്തനങ്ങൾ കാഴ്ച വെക്കുകയാണ് കുമാരമംഗലം കുടുംബാരോഗ്യകേന്ദ്രം. ഇവിടെ ചികിത്സക്കായി എത്തുന്നവർ ദൈനംദിന ജീവിതത്തിൽ ശീലമാക്കുവാനുള്ള പുതിയ അറിവുകളുമായാണ് ആശുപത്രിയിൽ നിന്നും മടങ്ങുന്നത്. വ്യായാമത്തിന്റെ ആവശ്യകതയും പരിസര മലിനീകരണങ്ങൾ കുറച്ച് പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്നതിനും കുമാരമംഗലം കുടുംബാരോഗ്യ കേന്ദ്രം ആളുകളെ പ്രോത്സാഹിപ്പിക്കുകയാണ്.

കുമാരമംഗലം കുടുംബാരോഗ്യകേന്ദ്രം 1976 ൽ പ്രാഥമിക ആരോഗ്യകേന്ദ്രമായാണ് പ്രവർത്തനമാരംഭിച്ചത്. സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുമാരമംഗലം പ്രാഥമികാരോഗ്യകേന്ദ്രം ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തുകയും ചെയ്തു. ആർദ്രം പദ്ധതിയുടെ ഘട്ടം ഘട്ടമായുള്ള മറ്റ് പ്രവർത്തനം കുമാരമംഗലം പഞ്ചായത്ത് നല്ല രീതിയിൽ ഏറ്റെടുത്ത് നടത്തി. ആരോഗ്യപ്രവർത്തകരുടെയും പഞ്ചായത്ത് അധികൃതരുടെയും നാട്ടുകാരുടെയും പ്രവർത്തന ഫലമായി എൻ.ക്യു.എ.എസ് നേടി ഇടുക്കി ജില്ലയിലെ രണ്ടാമത്തെ സ്ഥാപനമായി കുമാരമംഗലം മാറി.

ചികിത്സാ രംഗത്ത് മാത്രമല്ല കുമാരമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ മികവ്. ആശുപത്രിയിൽ എത്തിച്ചേർന്ന ആളുകൾക്ക് നല്ല സന്ദേശങ്ങൾ നൽകുന്നതിനായുള്ള ഭൗതികാന്തരീക്ഷവും ഒരുക്കിയിട്ടുണ്ട്. രോഗികൾക്കായുള്ള അലോപ്പതി പരിണാമ മ്യൂസിയം, തുമ്പൂർമുഴി മാലിന്യ സംസ്കരണ മാതൃക, മണ്ണിര കമ്പോസ്റ്റ്, റിംഗ് മണ്ണിര കമ്പോസ്റ്റ്, അക്വേപോണിസ്, ജൈവ കൃഷിക്കായുള്ള പോളിബാഗ് ഹോം, ബാഡ്മിന്റൺ കോർട്ട്, ഓപ്പൺ ജിം, ബട്ടർഫ്ളൈ ഗാർഡൻ, കുട്ടികൾക്കായുള്ള പാർക്ക്, നിഴൽ ഘടികാരം മാതൃക എന്നിവ കാണുന്നതിനും പ്രവർത്തനം മനസിലാക്കുന്നതിനും സാധിക്കും.

# ആന്റിമൈക്രോബിയൽ റസിസ്റ്റൻസ് രംഗത്ത് മാതൃകയായി ഹബ് ആൻഡ് സ്പോക്ക് സംവിധാനം



എറണാകുളം: ആന്റിമൈക്രോബിയൽ റസിസ്റ്റൻസ് രംഗത്ത് മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തി എറണാകുളം ജില്ല ദേശീയതലത്തിൽ ശ്രദ്ധ നേടുകയാണ്. ജില്ലയിലെ പ്രധാന ആശുപത്രികളെ ബന്ധിപ്പിച്ച് നടപ്പിലാക്കി വരുന്ന ഹബ് ആൻഡ് സ്പോക്ക് സംവിധാനം അണുബാധ നിയന്ത്രണ പരിപാടിയിലെ നാഴികക്കല്ലാണ്.

ആന്റിമൈക്രോബിയൽ റസിസ്റ്റൻസിനായി കർമ്മ പദ്ധതി രൂപീകരിച്ച ഇന്ത്യയിലെ തന്നെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. ഇതിന്റെ ഭാഗമായി വിവിധങ്ങളായ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ എറണാകുളം ജില്ലയിൽ നടപ്പിലാക്കുന്ന ഹബ് ആൻഡ് സ്പോക്ക് സംവിധാനം ലോകാരോഗ്യസംഘടനയുടെ ശ്രദ്ധ നേടിയെടുത്തു കഴിഞ്ഞു. ഇത്തരമൊരു പരിപാടി നടപ്പിലാക്കുന്ന ആദ്യ ജില്ല കൂടിയാണ് എറണാകുളം.

രോഗികളുടെ ചികിത്സയുമായി ബന്ധപ്പെട്ട് ചെറിയ ആശുപത്രികളെയും വലിയ ആശുപത്രികളെയും ബന്ധിപ്പിക്കുന്ന ചെലവ് കുറഞ്ഞ മാർഗമാണ് ഹബ് ആൻഡ് സ്പോക്ക് മോഡൽ. ദേശീയ ആരോഗ്യദൗത്യത്തിന്റെ സഹായത്തോടെയാണ് ഹബ് ആൻഡ് സ്പോക്ക് സംവിധാനം ജില്ലയിൽ നടപ്പിലാക്കുന്നത്. ഇതിനായി വിവിധ പദ്ധതികളുടെ സൗകര്യങ്ങളെകൂടി പ്രയോജനപ്പെടുത്തുന്നുണ്ട്. എറണാകുളം ജനറൽ ആശുപത്രിയിൽ പ്രവർത്തിക്കുന്ന മൈക്രോബയോളജി ലാബാണ് ജില്ലാ ആന്റിമൈക്രോബിയൽ റസിസ്റ്റൻസ് ഹബ് ആയി പ്രവർത്തിക്കുന്നത്. ജില്ലയിലെ 15 ഗവൺമെന്റ് ആശുപത്രികളാണ് സ്പോക്ക് ആയി പ്രവർത്തിക്കുന്നത്. ഇവിടെ നിന്നുള്ള സാമ്പിളുകൾ ശേഖരിച്ച് ജനറൽ ആശുപത്രിയിലെ എ എം ആർ ലാബിൽ പരിശോധിക്കുന്നു. ഇതിലൂടെ കൊവിഡ് രോഗികളിലുൾപ്പടെയുണ്ടാകുന്ന മറ്റ് അണുബാധകളും, ഡ്രഗ് റസിസ്റ്റൻസ് കണ്ടെത്തുന്നതിനും ഈ സംവിധാനം സഹായകരമാണ്. യുക്തിസഹമായ ആന്റിബയോട്ടിക് തെറാപ്പി, അണുബാധ നിയന്ത്രണം, ആൻറി ബയോട്ടിക് പോളിസി, ആശുപത്രികളുടെ എ എം ആർ നിരീക്ഷണം എന്നിവ എ എം ആർ പ്രോഗ്രാമിന്റെ അവിഭാജ്യഘടകമാണ്. ജില്ലയിൽ അണുബാധ രോഗനിർണയത്തിലും മാനേജ്മെന്റിലും ഹബ് ആൻഡ് സ്പോക്ക് പ്രോജക്റ്റ് നിർണായക പങ്കാണ് വഹിക്കുന്നത്.

# ആശ്വാസമായി തിരൂർ ജില്ലാ ആശുപത്രിയിലെ നിർമിത അവയവകേന്ദ്രം

മലപ്പുറം: ജില്ലയിലെ ഭിന്നശേഷിക്കാർക്ക് ഏറെ ആശ്വാസമാവുകയാണ് സർക്കാർ മേഖലയിൽ പ്രവർത്തനമാരംഭിച്ച തിരൂർ ജില്ലാശുപത്രിയിലെ നിർമിത അവയവ കേന്ദ്രം. ചലനപ്രശ്നങ്ങളും മറ്റ് ശാരീരിക ബുദ്ധിമുട്ടുകളും മാറ്റി ഒരു സാധാരണ ജീവിതത്തിലേക്ക് ഭിന്നശേഷിക്കാരെ കൊണ്ടുവരികയാണ് ഈ അവയവ നിർമിതി കേന്ദ്രം.

കൈ കാലുകളുടെ ബലക്ഷയം പരിഹരിക്കുന്നതിനും, നട്ടെല്ലിന്റെ വളവ് നികത്തുന്നതിനുമുള്ള തൊറാകോ ലംബോ സാക്രൽ ഓർത്തോസിസുകൾ, പാദങ്ങളിലെ തളർച്ച പരിഹരിക്കുന്നതിനുള്ള എ.എഫ്.ഒ / കെ.എഫ്.ഒ ഓർത്തോസിസുകൾ തുടങ്ങി ഭിന്നശേഷിയുള്ളവരിലെ ചലനപ്രശ്നങ്ങൾ പരിഹരിക്കാനുള്ള സഹായോപകരണങ്ങൾ ഇവിടെ നിർമിച്ചു കൊടുക്കുന്നു. കേടുപാടുകൾ സംഭവിച്ചാൽ അത് പരിഹരിക്കുകയും ചെയ്യും. പി.എം.ആർ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ എൻ.എച്ച്.എം ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന രണ്ട് പ്രോസ്തറ്റിക്സ്/ ഓർത്തോടിക്സ് ടെക്നീഷ്യൻമാരാണ് ഇവ നിർമിക്കുന്നത്. നിർമിത അവയവങ്ങൾ ഉപയോഗിക്കുന്നവർക്ക്പി.എം.ആർവിഭാഗത്തിന് കീഴിലുള്ള ഫിസിയോ



തെറാപ്പി യൂണിറ്റിൽ നിന്നുള്ള പരിശീലനവും ലഭിക്കും.

2018- 19 സാമ്പത്തിക വർഷത്തിലെ 20 ലക്ഷം പ്ലാൻഫണ്ട് ഉപയോഗിച്ചാണ് തിരൂർ ജില്ലാ ആശുപത്രിയിൽ നിർമിത അവയവകേന്ദ്രം സ്ഥാപിച്ചത്. ഇതുവരെയായി അമ്പതോളം പേർക്കായി അവയവങ്ങൾ നിർമ്മിച്ചു നൽകി. 54 എണ്ണത്തിന്റെ നിർമാണം നടന്നുകൊണ്ടിരിക്കുന്നു. അടുത്തിടെ ഒരു വയസുകാരന് കൃത്രിമകാൽ വച്ച് നൽകിയിരുന്നു. സംസ്ഥാന ആരോഗ്യവകുപ്പിന് കീഴിൽ കഴിഞ്ഞ വർഷം ഏറ്റവും കൂടുതൽ നിർമിത അവയവങ്ങൾ നൽകിയത് ഈ കേന്ദ്രത്തിൽ നിന്നാണ്.

# ആശമാർക്കൊരിടം - കല്ല്യാശ്ശേരി പഞ്ചായത്തിൽ വാർഡുതല ആരോഗ്യകേന്ദ്രം പ്രവർത്തനം ആരംഭിച്ചു




കല്ല്യാശ്ശേരി പഞ്ചായത്തിൽ ആരംഭിച്ച വാർഡുതല ആരോഗ്യകേന്ദ്രം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പി പി ദിവ്യ ഉദ്ഘാടനം ചെയ്യുന്നു.

കണ്ണൂർ: വാർഡുതല ആരോഗ്യപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വാർഡുതല ആരോഗ്യകേന്ദ്രങ്ങൾ കല്ല്യാശ്ശേരി പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചു. കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിൽ വാർഡ് ആരോഗ്യ കേന്ദ്രത്തിന്റെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പി പി ദിവ്യ നിർവ്വഹിച്ചു. കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി ടി ബാലകൃഷ്ണൻ ചടങ്ങിൽ അദ്ധ്യക്ഷനായി.

വാർഡ്തല ആരോഗ്യപ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത് ജെ.പി.എച്ച്.എൻമാരുടെയും ജെ.എച്ച്.ഐമാരുടെയും നേതൃത്വത്തിൽ ആശ പ്രവർത്തകരാണ്. ആശ വർക്കർ, വാർഡ് മെമ്പർ, അംഗൻവാടി വർക്കർ, കുടുബശ്രീ എ.ഡി.എസ് മെമ്പർ ഉൾപ്പെടുന്ന സംഘത്തിന് പരസ്പരം ആശയവിനിമയം നടത്തുന്നതിനും പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും ഫീൽഡ് വിസിറ്റിന് ആവശ്യമായ സാധനങ്ങൾ സൂക്ഷിക്കുന്നതിനുമുള്ള പൊതു ഇടമാണ് വാർഡ് ആരോഗ്യ കേന്ദ്രം. ആരോഗ്യശീലങ്ങൾ, പോഷകാഹാരം, മാലിന്യ സംസ്കരണം, വ്യായാമം തുടങ്ങിയവ പ്രോത്സാഹിപ്പിക്കുതിനുള്ള പ്രവർത്തനങ്ങൾ, രക്തസമ്മർദം, പ്രമേഹം, ബി.എം.

> **വാർഡ്തല ആരോഗ്യ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത് ജെ.പി.എച്ച്.എൻ, ജെ.എച്ച്.ഐമാരുടെ നേതൃത്വത്തിൽ ആശ പ്രവർത്തകരാണ്**



ഐ തുടങ്ങിയ പരിശോധനകൾ, കാൻസർ, കുഷ്ഠം എന്നീ രോഗങ്ങളുടെ ബോധവൽക്കരണം, പ്രാഥമിക പരിശോധനകൾ, കുട്ടികളുടെ വളർച്ചാ നിരീക്ഷണം, ഒ.ആർ.എസ് വിതരണം, ഗർഭ നിരോധന ഗുളികകൾ, കോണ്ടം തുടങ്ങിയവയുടെ വിതരണം തുടങ്ങിയവ ആരോഗ്യകേന്ദ്രങ്ങൾ വഴി നടക്കും. കല്യാശ്ശേരി പഞ്ചായത്തിലെ പതിനൊന്ന് വാർഡുകളിലാണ് നിലവിൽ ആരോഗ്യകേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുള്ളത്. ഇവ ആരംഭിക്കുന്നതിനായി ദേശീയ ആരോഗ്യദൗത്യം മുഖേന പത്ത് ലക്ഷത്തി എൺപതിനായിരം രൂപ ലഭ്യമാക്കി.

ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ് സി നിഷ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ നാരായണ നായ്ക്ക്, ദേശീയാരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.പി കെ അനിൽ കുമാർ, ജില്ലാ ആർ.സി.എച്ച് ഓഫീസർ ഡോ. ബി സന്തോഷ്, കല്ല്യാശ്ശേരി കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫിസർ ഡോ. ഭാവന രമേശ് എന്നിവർ പങ്കെടുത്തു.

# ജിത്തുവിന് ഇനി നിവർന്ന് നിൽക്കാം; നന്ദിയോടെ മടക്കം

തൃശ്ശൂർ: ജിത്തുവിന് ഇനി തലയുയർത്തി എല്ലാവരുടെയും മുന്നിൽ നിവർന്ന് നിൽക്കാം. ജന്മനാ നട്ടെല്ല് വളഞ്ഞു ജീവിതം പ്രതിസന്ധിയിലായ ജിത്തുവിന് ഇനി ആശ്വാസത്തിന്റെ നാളുകൾ. ദേശീയ ആരോഗ്യ ദൗത്യം ആർ ബി എസ് കെ പദ്ധതിയിലുൾപ്പെടുത്തി തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജിൽ നടന്ന സൗജന്യ നട്ടെല്ല് നിവർത്തൽ ശസ്ത്രക്രിയയിലൂടെയാണ് ഈ പതിമൂന്ന്കാരൻ പുതുജീവിതത്തിലേക്ക് കടന്ന് വന്നത്.

നട്ടെല്ല് വളഞ്ഞതിനാൽ നാലര അടി പൊക്കം മാത്രമായിരുന്നു ജിത്തുവിന്റെ ഉയരം. പഠനത്തിൽ പോലും ശ്രദ്ധ ചെലുത്താൻ കഴിയാതെ വന്നപ്പോൾ ജിത്തു ആകെ തളർന്നു. ഗവ.ആശുപത്രിയിൽ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണോ എന്നറിയാത്തതിനാൽ കുടുംബം ആദ്യം സമീപിച്ചത് സ്വകാര്യ ആശുപത്രിയെയായിരുന്നു. എന്നാൽ ചികിത്സയ്ക്കായ് 10 ലക്ഷം രൂപ വേണമെന്ന് അധികൃതർ അറിയിച്ചു. കുടുംബത്തിന് താങ്ങാവുന്നതിലധികമായിരുന്നു ഈ തുക. ചികിത്സ വഴിമുട്ടി നിന്നപ്പോഴാണ് തൃശ്ശൂർ ഗവ.മെഡിക്കൽ കോളേജിൽ നട്ടെല്ല് നിവർത്തൽ ശാസ്ത്രക്രിയ ഉണ്ടെന്നറിയുന്നത്. ആശുപത്രിയെ സമീപിച്ചപ്പോൾ ജിത്തുവിന്റെ ശാരീരിക ബുദ്ധിമുട്ടുകൾ മാറ്റി തരുമെന്ന് ഡോക്ടർമാരും ഉറപ്പ് നൽകി. ദേശീയ ആരോഗ്യ ദൗത്യം ആർ ബി എസ് കെ പദ്ധതിയിലുൾപ്പെടുത്തി തീർത്തും സൗജന്യമായി ശാസ്ത്രക്രിയ വിജകരമായി പൂർത്തിയാക്കി. കൊവിഡ് കാരണം ശാസ്ത്രക്രിയ അൽപം വൈകി. ജിത്തുവിനായി 9 മണിക്കൂർ നീണ്ട സ്ക്കോളിയോസിസിനുള്ള (നട്ടെല്ല് നിവർത്തുന്ന) ശസ്ത്രക്രിയ ആദ്യമായാണ് തൃശ്ശൂർ മെഡിക്കൽ കോളേജിൽ നടന്നത്. ഗവ.മെഡിക്കൽ കോളേജിലെ ന്യൂറോ സർജറി വിഭാഗവും അനസ്ത്യേഷ്യ വിഭാഗവും ചേർന്നാണ് ശസ്ത്രക്രിയ പൂർത്തീകരിച്ചത്. ശാസ്ത്രക്രിയക്കും ഫിസിയോതെറാപ്പിക്കും ശേഷം ജീവിതത്തിൽ ആദ്യമായി ജിത്തു നിവർന്നു നിന്നു.


## പത്രാധിപ സമിതി

ചീഫ് എഡിറ്റർ
**ഡോ. രത്തൻ യു ഖേൽക്കർ**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, NHM

എഡിറ്റർ
**ശിനോഷ് കെ പി**
സീനിയർ കൺസൾട്ടന്റ്, IEC&BCC

അസി. എഡിറ്റേഴ്സ്
**സ്മൃതി ലക്ഷ്മി ടി**
ജെ.സി(ഡിസി), സ്റ്റേറ്റ് മിഷൻ ഓഫീസ്
**ഷൈജിൽ കെ കെ**
ജെ.സി(ഡിസി), സ്റ്റേറ്റ് മിഷൻ ഓഫീസ്
**വർഷ വി കെ**
ജെ.സി(ഡിസി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അംഗങ്ങൾ
**വർഷ ജയപ്രകാശ്**
ജെ.സി(ഡിസി), തിരുവനന്തപുരം
**ജിജിൽ മാത്യു**
കൺസൾട്ടന്റ് (ഡിസി), ഇടുക്കി
**വിനു എ**
കൺസൾട്ടന്റ് (ഡിസി), എറണാകുളം
**വിനീഷ് സി ആർ**
കൺസൾട്ടന്റ് (ഡിസി), കോട്ടയം
**ഡാനി പ്രിയൻ**
കൺസൾട്ടന്റ് (ഡിസി), തൃശൂർ
**പ്രീത എൻ**
ജെ.സി(ഡിസി), പാലക്കാട്
**ദിവ്യ**
കൺസൾട്ടന്റ് (ഡിസി), കോഴിക്കോട്
**ദിവ്യ ഇ ആർ**
ജെ.സി(ഡിസി), മലപ്പുറം
**നിജിൽ**
ജെ.സി(ഡിസി), വയനാട്
**ബിൻസി രവീന്ദ്രൻ യു**
ജെ.സി(ഡിസി), കണ്ണൂർ
**ഷീബ ആർ ദാസ്**
ക്ലർക്ക്, ഡി ഇ ഒ, സ്റ്റേറ്റ് മിഷൻ ഓഫീസ്